**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3593** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി ഭൂമിയിലെ വന്യമൃഗ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൃഷി ഭൂമിയിലേക്ക് വന്യമൃഗങ്ങൾ കടന്നുകയറി കാർഷിക വിളകൾക്കും കർഷകരുടെ സ്വത്തിനും നഷ്ടം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനമേഖലയിൽ നിന്നും വളരെ അകലെയുള്ള പ്രദേശത്തേക്ക് പന്നി, മുള്ളൻപന്നി, കുരങ്ങ് എന്നിവയുടെ ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടി വിശദമാക്കാമോ? | (എ) | **വനമേഖലയിൽ നിന്നും വളരെ അകലെയുള്ള പ്രദേശത്ത് പന്നി, മുള്ളൻപന്നി, കുരങ്ങ് എന്നിവയുടെ ആക്രമണം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**1. വിള ആരോഗ്യപരിപാലന പദ്ധതി (പ്ലാൻ)**<br><br>**സാങ്കേതികവിദ്യാ സഹായത്തോടെ വന്യമൃഗ ആക്രമണം തടയുന്നതിന് സൗരോർജ കമ്പി വേലികൾ, ഹാങ്ങിങ് സോളാർ ഫെൻസിങ്, തുടങ്ങിയ നിർമ്മിക്കുന്നതിനു കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ കൂടിയാലോചിച്ച് എസ്റ്റിമേറ്റും പ്രോജക്ടും തയ്യാറാക്കി പ്രാദേശിക തലത്തിലും ജില്ലാ തലത്തിലുമുള്ള ഒരു വിദഗ്ധ സമിതിയുടെ ശുപാർശയോട് കൂടി സംസ്ഥാന കമ്മറ്റികൾ പരിശോധിച്ച് അംഗീകരിച്ചതിനു ശേഷം തുക അനുവദിച്ചു നൽകുന്നു. സാങ്കേതികവിദ്യാ സഹായത്തോടെ വന്യജീവി ആക്രമണം തടയൽ എന്ന ഘടകത്തിൽ നടപ്പു സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 156.17094 ലക്ഷം രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.**<br><br>**2. RKVY Management of crop loss due to human wild life conflict (CSS)**<br><br>വന്യമൃഗങ്ങൾ കൃഷിയിടത്തിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് അനുയോജ്യമായ സംവിധാനം സ്ഥാപിക്കുക, കൃഷിയിടങ്ങളിൽ നിന്ന് വന്യമൃഗങ്ങളെ അകറ്റി നിർത്തുന്നതിന് ഓരോ പ്രദേശത്തിന് അനുയോജ്യമായതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ സാങ്കേതികവിദ്യ |

| | | | |
|---|---|---|---|
| | | | പ്രയോഗിക്കുക എന്ന ഉദ്ദേശത്തോട്ടു കൂടിയാണ് RKVY Management of crop loss due to human wild life conflict പദ്ധതി നടപ്പിലാക്കുന്നത്. പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ഒഴികെ 12 ജില്ലകൾക്കും പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ വന്യമൃഗ ശല്യം രൂക്ഷമാവുന്ന സ്ഥലങ്ങൾ നോക്കി പദ്ധതി പ്രദേശം കണ്ടെത്തുകയും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയിട്ടുള്ള ഒരു ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു. കാർഷിക വികസന സമിതിയിൽ ചർച്ച ചെയ്തു അംഗീകരിച്ച DPR ജില്ലാ തല കമ്മിറ്റിക്കു അംഗീകാരത്തിനായി സമർപ്പിക്കുകയും, ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായിട്ടുള്ള ഒരു ജില്ലാ സമിതി രൂപീകരിക്കുകയും DPR അംഗീകരിക്കുകയും ചെയ്യുന്നു. ജില്ലാതല കമ്മിറ്റി അംഗീകരിച്ച DPR സംസ്ഥാനതല കമ്മിറ്റിയിൽ ചർച്ച ചെയ്തു അംഗീകരിക്കുന്നു. ഇപ്രകാരം ഒന്നാം ഘട്ടമായി 6 ജില്ലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വനം വന്യജീവിവകുപ്പിനു കൈമാറിയിട്ടുണ്ട്. ആയതു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

**സാങ്കേതിക വിദ്യ സഹായത്തോടെ വന്യജീവി ആക്രമണം തടയൽ എന്ന ഘടകത്തിൽ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം. | ജില്ല | ലഘൂകരണ സംവിധാനങ്ങൾ | ലൊക്കേഷൻ | നീളം (km) | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|---|---|---|---|
| 1. | കൊല്ലം | ചെയിൻ ലിങ്ക്ഡ് ഫെൻസിങ് | ചടയമംഗലം | 5.25 | 54 |
| 2. | ഇടുക്കി | ഹാങ്ങിങ് സോളാർ ഫെൻസിങ് | പീരുമേട് | 6.2 | 49.87094 |
| 3. | തൃശ്ശൂർ | സോളാർ ഫെൻസിങ് | ഒല്ലൂക്കര | 4 | 8 |
| 4. | വയനാട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | മാനന്തവാടി | 2.5 | 44.3 |

## അനുബന്ധം -2

**RKVY Management of crop loss due to human wild life conflict പദ്ധതി പ്രകാരം ഒന്നാം ഘട്ടമായി വന്യജീവിവകുപ്പിനു കൈമാറിയ തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം. | ജില്ല | ലഘൂകരണ സംവിധാനങ്ങൾ | റേഞ്ച് | നീളം (km) | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|---|---|---|---|
| 1. | കൊല്ലം | ഹാങ്ങിങ് സോളാർ ഫെൻസിങ്,സോളാർ ഫെൻസിങ്,ആന കിടങ്ങുകൾ | കുളത്തൂപ്പുഴ, തെന്മല,അഞ്ചൽ, ആര്യങ്കാവ്, പുനലൂർ, പത്തനാപുരം | 45.95 | 189.023 |
| 2. | ഇടുക്കി | ഹാങ്ങിങ് സോളാർ ഫെൻസിങ് | തേക്കടി, വള്ളക്കടവ്, എരുമേലി | 27 | 220 |
| 3. | വയനാട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | സൌത്ത് വയനാട്, നോർത്ത് വയനാട്, വയനാട് വന്യജീവി സങ്കേത കേന്ദ്രം | 47.1 | 388 |
| 4. | കണ്ണൂർ | ഹാങ്ങിങ് സോളാർ ഫെൻസിങ് | അയ്യൻകുന്ന് ജി.പി, ഉളിക്കൽ ജി.പി | 27.1 | 218.94 |
| 5. | കോഴിക്കോട് | ഹാങ്ങിങ് സോളാർ ഫെൻസിങ് | ചീങ്കണ്ണിപ്പള്ളി, കുരിശുമല, തമ്പുരാൻകൊല്ലി, കല്ലമ്പള്ളി | 15.5 | 125 |
| 6. | കോട്ടയം | ഹാങ്ങിങ് സോളാർ ഫെൻസിങ്,ആന കിടങ്ങുകൾ | കോയിക്കൽകാവ്, മഞ്ഞളരുവി, മാൻപാടി | 30 | 190 |

**2024-25 വർഷത്തിൽ അനുവദിച്ച തുക**

| | | | | | |
|---|---|---|---|---|---|
| 7. | എറണാകുളം | ഹാങ്ങിങ് സോളാർ ഫെൻസിങ് | നേരിയമംഗലം, മുള്ളരിങ്ങാട് തുണ്ടം, കാലടി, കോടനാട് | 36.8 | 220 |
| 8. | തൃശ്ശൂർ | സോളാർ ഫെൻസിങ് | ചാലക്കുടി, വാഴച്ചാൽ, തൃശ്ശൂർ | 84.95 | 219.69853 |